**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4100 16.3.2017-ൽ മറുപടിയ്ക്ക്**

## കാലിത്തീറ്റ വില നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | **അഡ്വ.കെ.രാജു**<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കാലിത്തീറ്റ വില നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | എ) കന്നുക്കുട്ടികൾക്ക് 4 മാസം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ സങ്കരവർഗ്ഗ കന്നുകുട്ടിയ്ക്ക് തീറ്റ ലഭ്യമാക്കി വരുന്നുണ്ട്. കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ സ്കീമുകൾ പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി മുഖേന നടപ്പാക്കി വരുന്നു. ഇതിനു പുറമേ 2016-17 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം കന്നുക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കന്നുകുട്ടികളുടെ ശാസ്ത്രീയപരിപാലനത്തിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സ് ലിമിറ്റഡും മിൽമയുമാണ് കാലിത്തീറ്റ ഉൽപാദിപ്പിച്ച് കേരളത്തിലുടനീളം മിതമായ നിരക്കിൽ വിപണനം നടത്തിവരുന്നത്. എന്നാൽ ഇപ്പോൾ കാലിത്തീറ്റ ഉൽപ്പാദനത്തിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവുമൂലം ഈ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നുണ്ട്. ചേരുവകളുടെ വിലക്കയറ്റത്തിനനുസരിച്ച് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതിരിക്കുവാൻ വേണ്ട നടപടികൾ |

സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപരിയായി വിവിധ പരിശീലന പരിപാടിയിലൂടെ പാരമ്പര്യേതര തീറ്റകൾ കൂടി തീറ്റയിൽ ഉൾപ്പെടുത്തി (Non conventional feeds) നല്കുവാനായി കർഷകരിൽ അവബോധം സൃഷ്ടിക്കുന്നുണ്ട്.

| | | |
|---|---|---|
| ബി) | മിൽമ, കേരള ഫീഡ്സ് എന്നിവ ഉത്പ്പാദിപ്പിക്കുന്ന കാലിത്തീറ്റകൾ കൂടുതൽ സബ്സിഡിയോടുകൂടി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവ് മൂലം ഭീമമായ നഷ്ടത്തിൽ കർഷകർക്ക് വില കുറച്ച് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് കേരള ഫീഡ്സും മിൽമയും സ്വീകരിച്ചു വരുന്നത്. നിലവിൽ സർക്കാർ സബ്സിഡി നൽകിയാണ് ഗുണമേന്മയുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് നൽകി വരുന്നത്. കൂടുതൽ സബ്സിഡി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ